A



समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ I 2025-2026

## സാമൂഹ്യശാസ്ത്രം

ക്ലാസ്: 6

സമയം: 2 മണിക്കൂർ 15 മിനിറ്റ്


നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ **15 മിനിറ്റ് സമാശ്വാസ സമയമാണ്.** ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.

---

1 **പുരാതന ഗ്രീസിലെ പ്രധാന നഗര രാഷ്ട്രങ്ങളായിരുന്നു ഏതൻസും സ്പാർട്ടയും.**

**a)** പുരാതന ഗ്രീസിലെ നഗരരാഷ്ട്രങ്ങളായ ഏതൻസ്, സ്പാർട്ട എന്നിവയുടെ സവിശേഷതകൾ ഉൾപ്പെടുത്തി ആശയപടം പൂർത്തിയാക്കുക.




**നഗരരാഷ്ട്രങ്ങൾ**

**b)** താഴെ തന്നിരിക്കുന്നവയിൽ നിന്ന് പുരാതനഗ്രീസുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

A. ഒളിമ്പിക്സ് ആരംഭിച്ചത് ഇവിടെയാണ്.

B. ഭരണസൗകര്യത്തിനായി നിരവധി സത്രപികളായി വിഭജിച്ചിരിക്കുന്നു.

C. സരതുഷ്ട്ര ദർശനം രൂപം കൊണ്ടു.

D. പാശ്ചാത്യനാഗരികതയുടെ ജന്മസ്ഥലമാണിത്



For complete preparation materials visit www.educationobserver.com

2 **ആദിമ മനുഷ്യർ രൂപം കൊണ്ടത് ദശലക്ഷക്കണക്കിന് വർഷങ്ങൾക്കു മുമ്പാണ്.**

**a)** പരിണാമഘട്ടങ്ങളിലെ മനുഷ്യവർഗങ്ങളും അവരുടെ സവിശേഷതകളും ക്രമരഹിതമായി നൽകിയിരിക്കുന്നു. അവ ശരിയായി ക്രമീകരിച്ചത് കണ്ടെത്തി എഴുതുക.

| പരിണാമഘട്ടം | സവിശേഷത |
|---|---|
| 1. ഹോമിനിഡുകൾ | a. ഉപകരണ നിർമ്മാതാക്കൾ |
| 2. ഹോമിനോയിഡുകൾ | b നിവർന്നു നിൽക്കുന്ന മനുഷ്യർ |
| 3. ഹോമോ ഇറക്ടസ് | c. നാലുകാലിൽ നടത്തം |
| 4. ഹോമോ ഹാബിലിസ് | d. ഇരുകാലിൽ നടത്തം |

A) 1 – c, 2 – d, 3 – a, 4 –b　　B) 1 – d, 2 – c, 3 – b, 4 – a

C) 1 – b, 2 – a, 3 –c, 4 – d　　D) 1 – a, 2 –b, 3 – d, 4 - c

**b)** മധ്യ ശിലായുഗത്തിൽ നിന്ന് നവീന ശിലായുഗത്തിലേക്കു കടന്നപ്പോൾ മനുഷ്യ ജീവിതത്തിൽ എന്തെല്ലാം പുരോഗതികൾ ഉണ്ടായി? കുറിപ്പ് തയ്യാറാക്കുക.

**മൂന്നാമത്തെ ചോദ്യത്തിന് 3(A), 3(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 3(A), 3(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.**

**3 (A) വെങ്കല യുഗത്തിൽ നദികൾ കേന്ദ്രീകരിച്ച് സംസ്കാരങ്ങൾ രൂപപ്പെട്ടു.**

**a)** താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത്?

A) ഹരപ്പൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതയാണ് നഗരാസൂത്രണം.

B) മെസൊപ്പൊട്ടേമിയക്കാരുടെ എഴുത്തു സമ്പ്രദായത്തെ 'വിശുദ്ധമായ എഴുത്ത്' എന്ന് വിശേഷിപ്പിക്കപ്പെടുന്നു.

C) ഹൊയാങ്ഹോ നദീതടത്തിലാണ് ചൈനീസ് സംസ്കാരം ഉടലെടുത്തത്.

D) ഈജിപ്ഷ്യൻ രാജാക്കൻമാർ 'ഫറവോ' എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

**b)** സംസ്കാരങ്ങളുടെ സവിശേഷതകൾ പരിശോധിച്ച് തന്നിരിക്കുന്ന പട്ടികയിൽ ശരിയായി ക്രമീകരിക്കുക.

- നദികൾക്കിടയിലെ പ്രദേശം
- നൈലിന്റെ ദാനം
- കെയ്റോ നഗരം
- ലഗാഷ് നഗരം
- ചാന്ദ്രപഞ്ചാംഗം
- പിരമിഡുകൾ

| ഈജിപ്ഷ്യൻ സംസ്കാരം | മെസൊപ്പൊട്ടേമിയൻ സംസ്കാരം |
|---|---|
| കെയ്റോ നഗരം | നദികൾക്കിടയിലെ പ്രദേശം |
| | |
| | |

**അല്ലെങ്കിൽ**



For complete preparation materials visit www.educationobserver.com


3 (B)

a) വെങ്കലയുഗ സംസ്കാരങ്ങളിൽ നിലനിന്നിരുന്ന എഴുത്തു സമ്പ്രദായങ്ങളുടെ ചിത്രങ്ങൾ നിരീക്ഷിക്കൂ. അവ ഏതെല്ലാം സംസ്കാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നെന്ന് എഴുതുക.



ക്യൂണീഫോം ലിപി

i) ......................



ഹൈറോഗ്ലിഫിക്സ് ലിപി

ii) ......................

b) ഈ രണ്ട് ലിപികളുടെയും സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

4 **ഭൗമോപരിതലത്തിലൂടെ വരയ്ക്കുന്ന സാങ്കല്പിക രേഖകളാണ് അക്ഷാംശ - രേഖാംശ രേഖകൾ.**

a) താഴെ പറയുന്നവയിൽ ഭൂമധ്യരേഖയുടെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത്?

A) ഏറ്റവും വലിയ അക്ഷാംശ വൃത്തം.

B) ഭൂമധ്യരേഖയെ അടിസ്ഥാനമാക്കി ഭൂമിയെ രണ്ട് അർധഗോളങ്ങളായി സങ്കല്പിക്കാം

C) $0^0$ അക്ഷാംശ രേഖ

D) ധ്രുവങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു.

b) ഗ്ലോബിന്റെ മാതൃക വരച്ച്, തന്നിരിക്കുന്ന അക്ഷാംശരേഖകളെ കൃത്യതയോടെ രേഖപ്പെടുത്തുക.

| |
|---|
| ആർട്ടിക് വൃത്തം $66\frac{1}{2}^0$ വടക്ക് |
| ഉത്തരായനരേഖ $23\frac{1}{2}^0$ വടക്ക് |
| ദക്ഷിണായന രേഖ, $23\frac{1}{2}^0$ തെക്ക് |
| അന്റാർട്ടിക് വൃത്തം $66\frac{1}{2}^0$ തെക്ക് |



5 **ജനങ്ങൾ രൂപീകരിച്ച ഏറ്റവും ഉന്നതമായ സാമൂഹിക - രാഷ്ട്രീയ സ്ഥാപനമാണ് രാഷ്ട്രം.**

a) രാഷ്ട്രവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ നിന്ന് ശരിയായവ കണ്ടെത്തി എഴുതുക.

A. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നത് രാഷ്ട്രമാണ്.

B. ജനങ്ങളില്ലാതെയും രാഷ്ട്രത്തിനു നിലനിൽക്കാം.

C. രാഷ്ട്രം നിലനിൽക്കണമെങ്കിൽ സ്ഥിരവും കൃത്യമായി നിർവചിക്കപ്പെട്ടതുമായ ഭൂപ്രദേശം അനിവാര്യമാണ്.

D. രാഷ്ട്രം ഒരു താൽക്കാലിക സ്ഥാപനമാണ്.



For complete preparation materials visit www.educationobserver.com

b) രാഷ്ട്രത്തിലെ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ ഗവൺമെന്റിന്റെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ചർച്ചയിൽ അവതരിപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ കൂട്ടി ചേർക്കുക.

- രാഷ്ട്രത്തിലെ ജനങ്ങളുടെ ക്ഷേമം ഗവൺമെന്റ് ഉറപ്പുവരുത്തുന്നു.
-
-
-

**ആറാമത്തെ ചോദ്യത്തിന് 6(A), 6(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 6(A), 6(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.**

**6( A) പുരാതന ഇന്ത്യയിൽ രൂപംകൊണ്ട രണ്ട് ദർശനങ്ങളാണ് ബുദ്ധമതവും ജൈനമതവും.**

**a)** ജൈനമത ആശയപ്രകാരം ത്രിരത്നങ്ങളിൽ ഉൾപ്പെട്ടത് ഏത്?

A. ശരിയായ ആഹാരം, ശരിയായ വിശ്വാസം, ശരിയായ അറിവ്

B. ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ വസ്ത്രം

C. ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ പ്രവൃത്തി

D. ശരിയായ ആഹാരം, ശരിയായ പ്രവൃത്തി, ശരിയായ അറിവ്

**b)** ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആശയങ്ങളുടെ രണ്ട് സവിശേഷതകൾ വീതം ഉൾപ്പെടുത്തി പട്ടിക പൂർത്തീകരിക്കുക.

| ജൈനമതം | ബുദ്ധമതം |
|---|---|
| എല്ലാ വസ്തുക്കൾക്കും ജീവനുണ്ട് | ഹിംസിക്കാതിരിക്കുക |
| • .............................. | • .............................. |
| • .............................. | • .............................. |

**അല്ലെങ്കിൽ**

**6 (B) ഇന്ത്യയിൽ നിലനിന്നിരുന്ന പതിനാറ് മഹാജനപദങ്ങളിൽ പ്രബലശക്തിയായി മാറിയത് മഗധയാണ്.**

**a)** മഗധയുടെ വളർച്ചക്ക് സഹായകരമായ ഘടകങ്ങൾ ഏതെല്ലാം? കുറിപ്പ് തയ്യാറാക്കുക

**b)** താഴെ തന്നിരിക്കുന്നവയിൽ മഗധയുമായി ബന്ധപ്പെട്ടവയിൽ തെറ്റായ പ്രസ്താവന ഏതാണെന്നു കണ്ടെത്തി എഴുതുക.

**A)** ഗംഗയുടെയും പോഷകനദികളുടെയും സാമീപ്യം കൊണ്ടുണ്ടായ ഫലഭൂയിഷ്ഠത മഗധയുടെ വളർച്ചയെ സഹായിച്ചു.

**B)** മഗധയുടെ ആദ്യകാല തലസ്ഥാനമായിരുന്നു പാടലീപുത്ര

**C)** ചന്ദ്രഗുപ്തമൗര്യൻ മഗധയോടൊപ്പം സമീപപ്രദേശങ്ങൾ കൂട്ടിച്ചേർത്ത് മൗര്യരാജ്യം സ്ഥാപിച്ചു.

**D)** മഗധയുടെ ഭരണാധികാരിയായിരുന്നു ധനനന്ദൻ.



For complete preparation materials visit www.educationobserver.com